# NIRMAL JYOTHI SCHOOL FOR MENTALLY CHALLENGED THODUVETTY

## ACADEMIC MASTER PLAN

## 2025-26

nirmaljyothi238@gmail.com

# ആമുഖം

2025 -26 അധ്യയന വർഷത്തെ നിർമ്മൽ ജ്യോതി സ്പെഷ്യൽ സ്കൂൾ ബത്തേരിയുടെ അക്കാദമിക രംഗം. ഈ വർഷത്തേക്കുള്ള പൂർണ്ണമായ തയ്യാറെടുപ്പിൻ്റെ ഉൽപ്പന്നമായ അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാശനത്തോടൊപ്പം ഒരു കുതിച്ചുചാട്ടത്തിന് ഒരുങ്ങുകയാണ്.വരും വർഷത്തേക്കുള്ള ഒരു വഴികാട്ടി മാത്രമല്ല മികച്ച വിദ്യാഭ്യാസ നിലവാരവും സമഗ്രമായ വിദ്യാർത്ഥി വികസനവും ഉറപ്പാക്കുന്നതിനുള്ള വിദ്യാലയത്തിന്റെ നമ്മുടെ പ്രതിഫലതയുടെ തെളിവും കൂടിയാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ.

ഈ വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരുടെയും കൂട്ടായ പരിശ്രമത്തിലൂടെ വളരെ ചിട്ടയോടെ തയ്യാറാക്കിയതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ. സമഗ്ര വിദ്യാഭ്യാസ പദ്ധതിയിലൂടെ കുട്ടികളുടെ മികച്ച പഠന നിലവാരം ലക്ഷ്യമാക്കിയുള്ള ഒന്നാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ.

# നമ്മുടെ വിദ്യാലയം - അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂൾ മാനേജർ | ജോളി മാനുൽ |
| ഹെഡ്മാസ്റ്റർ | ബിന്ദു ടി.വി |
| ആകെ അധ്യാപകർ | 24 |
| അനധ്യാപകർ | 9 |
| ജില്ല | വയനാട് |
| ഉപജില്ല | സുൽത്താൻ ബത്തേരി |
| ബി.ആർ.സി | സുൽത്താൻ ബത്തേരി |
| നിലവിൽ വന്ന വർഷം | 1998 |
| സ്കൂൾ കോഡ് | 15090 |



# ഡിവിഷനലുകളുടെ എണ്ണം

| BELOW 18 | ABOVE 18 | TOTAL |
|---|---|---|
| 8 | 2 | 10 |

# വിദ്യാർത്ഥികളുടെ എണ്ണം

| | *BOYS* | *GIRLS* | *TOTAL* |
|---|---|---|---|
| *BELOW 18* | *49* | *17* | *66* |
| *ABOVE 18* | *42* | *24* | *66* |
| *TOTAL* | *91* | *41* | *132* |

# വിദ്യാലയം – ചരിത്രപഥങ്ങളിലൂടെ

വയനാട് ജില്ലയിലെ സുൽത്താൻബത്തേരി നഗരസഭ പരിധിയിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പഠനവും, സാമൂഹികരണവും തൊഴിൽ വികാസവും 1998 ലക്ഷ്യമാക്കി ഡിസംബർ 1 ന് നിർമ്മൽ ജ്യോതി സ്പെഷ്യൽ സ്കൂൾ എന്ന വിദ്യാഭ്യാസ സ്ഥാപനത്തിന് തുടക്കം കുറിച്ചു. 15 കുട്ടികളുമായി തുടക്കം കുറിച്ച സ്ഥാപനത്തിൽ ഇപ്പോൾ 132 ഭിന്നശേഷിയുള്ള കുട്ടികൾ പരിശീലനം നേടിവരുന്നു. 03 വയസ്സുമുതൽ 23 വയസ്സ് വരെയുള്ള കുട്ടികൾക്കായി തെറാപ്പികളും പാഠ്യ പഠ്യേതര പ്രവർത്തനങ്ങളും സ്ഥാപനത്തിൽ ദൈനംദിനം നൽകി പോരുന്നു. ഓരോ വിഭാഗത്തിലുമായി 34 അധ്യാപക അനധ്യാപകരും സ്ഥാപനത്തിൽ പ്രവർത്തിക്കുന്നു.

**<u>ദൗത്യം</u>**

വ്യക്തിഗതമായി കഴിവുള്ള ഓരോ കുട്ടിയെയും പഠിക്കുകയും അവരുടെ ഒളിഞ്ഞിരിക്കുന്ന കഴിവുകൾ കണ്ടെത്തുകയും അവർക്ക് പ്രത്യേക പരിശീലനം നൽകുകയും ചെയ്യുക എന്നതാണ് ദൗത്യം. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ കൊണ്ടുവരുക.

**<u>ലക്ഷ്യം</u>**

ഓരോ കുട്ടിയുടെയും പഠന നിലവാരവും സ്വഭാവ സവിശേഷതകളും മനസ്സിലാക്കി അവരുടെ ശാരീരികവും മാനസികവുമായ വികസനം ലക്ഷ്യമിടുന്നു.

**<u>ദർശനം</u>**

ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനത്തിലൂടെ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് നൂതന പരിശീലന പരിപാടികൾ രൂപകൽപ്പന ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക.

അടിസ്ഥാന സൗകര്യങ്ങൾ

- ഭിന്നശേഷി സൗഹൃദ വിദ്യാലയം
- അഡാപ്റ്റഡ് ടോയ്‌ലെറ്റുകൾ
- തെറാപ്പികൾ
- സുരക്ഷിതമായ ക്ലാസ് മുറികൾ,ഇരിപ്പിടങ്ങൾ
- ഹൈടെക് പഠന സംവിധാനങ്ങൾ
- കളിസ്ഥലം
- ലൈബ്രറി
- ശുദ്ധീകരിച്ച കുടിവെള്ളം
- ഉച്ചഭക്ഷണ സംവിധാനം
- കമ്പ്യൂട്ടർ ലാബ്
- ഡൈനിങ് റൂം
- സെൻസറി റൂം

## <u>അധ്യയന – പരിശീലന മേഖലകൾ</u>

1. അക്കാദമിക് മേഖല: മലയാളം, ഇംഗ്ലീഷ്, ഗണിതം, പരിസ്ഥിതി പഠനം മുതലായ അടിസ്ഥാന വിഷയങ്ങൾ കുട്ടികളുടെ ശേഷിക്കനുസരിച്ച്.

2. **ഫംഗ്ഷണൽ വിദ്യാഭ്യാസം** സ്വയം ഭക്ഷണം കഴിക്കുക, വസ്ത്രധാരണം, വ്യക്തിപരമായ ശുചിത്വം എന്നിവ.

3. വൊക്കേഷണൽ ട്രെയിനിംഗ്: പെയിന്റിംഗ്, ഹാൻഡ് ക്രാഫ്റ്റ്, ഗാർഡനിംഗ്, പാചകം തുടങ്ങിയ തൊഴിൽനൈപുണ്യങ്ങൾ.

4. സാമൂഹിക നൈപുണ്യങ്ങൾ: കൂട്ടായ പ്രവർത്തനങ്ങൾ, സൗഹൃദം, പരസ്പര ബഹുമാനം.

**ചികിത്സാ സേവനങ്ങൾ (Therapies)**

**SPEECH THERAPY** – ആശയവിനിമയ ശേഷി വികസിപ്പിക്കാൻ.

**PHYSIOTHERAPY** – ശാരീരിക നിയന്ത്രണവും ശക്തിയും വർദ്ധിപ്പിക്കാൻ.

**OCCUPATIONAL THERAPY** – ദൈനംദിന ജീവിതനൈപുണ്യങ്ങൾ അഭ്യസിക്കാൻ.

**SPECIAL EDUCATION** – വ്യക്തിഗത വിദ്യാഭ്യാസ പദ്ധതി (IEP) മുഖേന.

**COUNSELLING & BEHAVIOUR THERAPY** – മാനസിക സമാധാനം, ആത്മവിശ്വാസം, നല്ല പെരുമാറ്റ ശീലങ്ങൾ വളർത്താൻ.

**സഹപാഠ്യ പ്രവർത്തനങ്ങൾ**

കലാ – കായിക മേളകൾ, സംഗീതദിനം, സ്വച്ഛതാ ക്യാംപെയിൻ, പരിസ്ഥിതി ദിനം, ആഘോഷങ്ങൾ (ഓണം, ക്രിസ്തുമസ്, അധ്യാപകദിനം), ടാലന്റ് ഡേ തുടങ്ങിയവ കുട്ടികളുടെ സന്തോഷത്തിനും ആത്മവിശ്വാസത്തിനും വഴിയൊരുക്കുന്നു.

**രക്ഷകർതൃ – അധ്യാപക പങ്കാളിത്തം**

രക്ഷിതാക്കൾ കുട്ടികളുടെ വളർച്ചയിലുള്ള പ്രധാന കൂട്ടാളികളാണ്. അധ്യാപകരും രക്ഷിതാക്കളും ചേർന്ന് കുട്ടികളുടെ വ്യക്തിഗത വളർച്ചാ രേഖ (Progress Record)

നിരീക്ഷിക്കുന്നു. പതിവായി രക്ഷകർതൃയോഗങ്ങൾ, പരിശീലന സെഷനുകൾ, കൗൺസലിംഗ് എന്നിവ സംഘടിപ്പിക്കുന്നു.

**<u>മൂല്യനിർണ്ണയരീതി (Evaluation)</u>**

ഓരോ കുട്ടിയുടെയും IEP അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം.നൈപുണ്യ പുരോഗതി, സാമൂഹിക പെരുമാറ്റം, സ്വയംപര്യാപ്തത, ആശയവിനിമയം തുടങ്ങിയ മേഖലകളിൽ നിരന്തര വിലയിരുത്തൽ.അദ്ധ്യാപകരുടെ നിരീക്ഷണ രേഖകളും രക്ഷിതാക്കളുടെ അഭിപ്രായങ്ങളും ഉൾപ്പെടുത്തി റിപ്പോർട്ടുകൾ തയ്യാറാക്കുന്നു.

## ഇതുവരെ സ്ഥാപനം കരസ്ഥമാക്കിയ നേട്ടങ്ങൾ

- ജിജോ ജോർജ് സ്പെഷ്യൽ ഒളിപിക്സ് വിന്നർ (ജർമ്മനി)




- സ്വയം തൊഴിൽ കണ്ടെത്തി ജീവിക്കാൻ പ്രാപ്തരാക്കിയ വിദ്യാർത്ഥികൾ
  1. ജിജോ ജോർജ് - ഹൗസ് കീപ്പർ
  2. മഹേഷ് - സ്കൂൾ ബസ് സ്റ്റാഫ്
  3. ബിപിൻ ദാസ് - ബിസിനസ് 4. ആരതി - സ്കൂൾ കെയർ ടേക്കർ





5.നിധിൻ-സ്കൂൾ കെയർ ടേക്കർ 6. അനുഷ - സ്കൂൾ കെയർ ടേക്കർ





## അവാർഡുകൾ




- കാത്തോലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ 2024 - 2025 വർഷത്തെ ഭിന്ന ശേഷി കുട്ടികൾക്കായുള്ള ബെസ്ററ് ഇൻസ്റ്റിട്യൂഷൻ അവാർഡ് നിർമൽ ജ്യോതിക്ക് ലഭിച്ചു. ബാംഗ്ളൂർ സെൻറ് ജോൺസ് മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വച്ച് പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സിസ്റ്റർ ഗ്രേസി മാത്യുവും പ്രിൻസിപ്പൽ സിസ്റ്റർ ജെസ്സി മാങ്കോട്ടിലും അവാർഡ് ഏറ്റുവാങ്ങി.



- ഭിന്ന ശേഷി കുഞ്ഞുങ്ങളെ സമൂഹത്തിന്റെ വിവിധ തുറകളിൽ എത്തിക്കുന്നതിലും സ്വയം പര്യാപ്തരാക്കുന്നതിലും സ്ഥാപനം വഹിച്ച പങ്കിനെ അടിസ്ഥാനമാക്കിയാണ് അവാർഡ് ലഭിച്ചത്.

## അവാർഡുകൾ

- 2005 -2006 ബെസ്റ്റ് സ്പെഷ്യൽ സ്കൂൾ നിർണയത്തിൽ ആദ്യത്തെ 10 സ്കൂളിൽ ഒന്നായി നിർമ്മൽജ്യോതി തിരഞ്ഞെടുത്തു.
- 2006 ലെ വയനാട് ജില്ലയിലെ വൊക്കേഷണൽ എക്സലൻസി അവാർഡിന് സിസ്റ്റർ മേബിൾ അർഹയായി.



- 2012 ഫെബ്രുവരി പത്തിന് എറണാകുളം മഹാത്മാ സ്റ്റേഡിയത്തിൽ വച്ച് 2011 -12 വർഷത്തെ ബെസ്റ്റ് സ്പെഷ്യൽ സ്കൂൾ അവാർഡ് കേന്ദ്രമന്ത്രി കെ.വി. തോമസിന്റെ കയ്യിൽ നിന്നും പ്രിൻസിപ്പൽ സി. ജെസ്സിയും മാനേജ്മെന്റ് ഭാഗത്തുനിന്ന് ജീവകാരുണ്യ കൗൺസിലിറും ഇപ്പോഴത്തെ ജനറൽ കൗൺസിലറുമായ സി. മേഴ്സിയും ഏറ്റുവാങ്ങി.






- 2012-13 ലെ വയനാട് ജില്ലയിലെ പേരന്റ്സ് അസോസിയേഷൻ ബെസ്റ്റ് ടീച്ചേർസ് അവാർഡ് നിർമ്മൽ ജ്യോതിയിലെ സിസ്റ്റർ അനിലിറ്റ് സ്കറിയ എസ്.എച്ച് ന് ലഭിച്ചു.
- 2016 -17 ലെ സംസ്ഥാനതല ബെസ്റ്റ് ടാലൻറ് അവാർഡ്, മാനവ സേവ പുരസ്കാരം ഷിജോ വർഗീസിനും ലഭിച്ചു.2017 -18 ലെ ബെസ്റ്റ് നേഷൻ ബിൽഡർ അവാർഡ് നിർമ്മൽജ്യോതി സ്കൂളിലെ അധ്യാപകനായ ജോമിറ്റ്. കെ .ജോസിന് ലഭിച്ചു.




## ഭൗതിക സാഹചര്യങ്ങൾ (നിലവിലുള്ളവ)

| | |
|---|---|
| സ്റ്റാഫ് റൂം | 1 |
| ക്ലാസ് മുറികളുടെ എണ്ണം | 11 |
| കമ്പ്യൂട്ടർ ലാബുകളുടെ എണ്ണം | 1 |
| സ്പോർട്സ് റൂം | 1 |
| മാനേജരുടെ ഓഫീസ് | 1 |
| സ്കൂൾ ഗ്രൗണ്ട് | 1 |
| ഊട്ടുപുര | 1 |
| ടോയ്ലറ്റ് കുട്ടികൾ | 17 |
| ടോയ്ലറ്റ് സ്റ്റാഫ് | 2 |
| കൈ കഴുകുവാനുള്ള വാട്ടർ ടാപ്പുകൾ (കുട്ടികൾ) | 15 |
| കൈ കഴുകുവാനുള്ള വാട്ടർ ടാപ്പുകൾ (സ്റ്റാഫ്) | 3 |
| ശുദ്ധീകരിച്ച കുടിവെള്ള ടാപ്പ് | 1 |
| ലാപ്ടോപ്പ് | 16 |
| പ്രൊജക്ടർ | 8 |

## **ഭൗതിക സൗകര്യങ്ങൾ (ഉൾപ്പെടുത്തേണ്ടവ)**

1. സ്മാർട്ട് ക്ലാസ് റൂം ( 2 )
2. ക്യാമ്പസ് സൗന്ദര്യവൽക്കരണം
3. കളിസ്ഥലം
4. ഓഡിറ്റോറിയം

## CLUBS

പഠന പ്രവർത്തനങ്ങൾക്കൊപ്പം പഠ്യേതര പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകി കൊണ്ടാണ് ഭിന്നശേഷിയുള്ള കുട്ടികളെ സന്തുലിതമാക്കുന്ന ഒരു സമഗ്ര വിദ്യാഭ്യാസ പ്രവർത്തനമാണ് സ്കൂളിൽ നടപ്പിലാക്കുന്നത്.വിവിധങ്ങളായ ക്ലാസ് പ്രവർത്തനങ്ങളിലൂടെ വ്യത്യസ്ത പരിമിതികളും വ്യത്യസ്ത പ്രായത്തിലും ഉള്ള കുട്ടികളുടെ കഴിവുകളും നേതൃത്വശീലങ്ങളെയും വളർത്തിക്കൊണ്ട് വരുന്നതിനും പരിപോഷിക്കുന്നതിനും ഞങ്ങൾക്ക് സാധിക്കുന്നു.

**(a) Cub and Bull Bull**



കേരള സംസ്ഥാന ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ്ന്റെ നേതൃത്വത്തിൽ 2019 മാർച്ച് 9ന് കുട്ടികളുടെ കബ്ബ് ആൻഡ് ബുൾ ബുൾ എന്ന കുട്ടികളുടെ ക്ലബ് കേരളത്തിൽ സ്പെഷ്യൽ സ്കൂൾ മേഖലയിൽ നിർമ്മൽ ജ്യോതി സ്പെഷ്യൽ സ്കൂളിലാണ് ആദ്യമായി തുടക്കം കുറിച്ചത്. “നിങ്ങളുടെ കഴിവിന്റെ പരമാവധി “ എന്നാണ് ക്ലബ്ബിൻറെ മുദ്രാവാക്യം. ഭിന്നശേഷിയുള്ള കുട്ടികളുടെ പരമാവധി കഴിവുകളെ വളർത്തിക്കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂളിൽ നടത്തപ്പെടുന്ന സാമൂഹ്യ പ്രവർത്തനങ്ങളിലും പൊതു പരിപാടികളിലും സംഘാടനത്തിനും ക്രമീകരണത്തിനും കുട്ടികൾ നേതൃത്വം നൽകുന്നു.

25 കുട്ടികളും രണ്ട് അധ്യാപകരും അടങ്ങുന്ന അംഗങ്ങളാണ് ഈ ക്ലബ്ബിൽ പ്രവർത്തിക്കുന്നത് കുട്ടികളിലെ അച്ചടക്ക ശീലം, ഒരുമ, ഐക്യ മനോഭാവം, നല്ല സ്വഭാവഗുണങ്ങൾ, സൽപ്രവർത്തി, ശരിയായത് സ്വീകരിക്കുകയും മോശമായതിനെ തള്ളിക്കളയുന്നതിനും ഉള്ള കഴിവ് എന്നീ കാര്യങ്ങൾ കുട്ടിക ളിൽ വളർത്തിയെടുക്കുക എന്നതാണ് പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ.

## (b)ബാല ജ്യോതി ക്ലബ്




സോഷ്യൽ സർവീസ് സംഘടനയായ ഇസാഫ് ഫൗണ്ടേഷൻ വയനാടിന്റെ നേതൃത്വത്തിൽ സ്കൂളിലെ 10 വയസ്സു മുതൽ 17 വയസ്സു വരെയുള്ള മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി പ്രവർത്തിക്കുന്ന ഗ്രൂപ്പാണ് ബാല ജ്യോതി ക്ലബ്.

കുട്ടികളുടെ കലാകായിക,സംസ്കാരിക കഴിവുകളെ വളർത്തിക്കൊണ്ടു വരികയാണ് പ്രധാന ലക്ഷ്യം ഇതിനായി എല്ലാ മാസവും ക്ലബ് പ്രവർത്തനങ്ങൾ നടത്തിവരുന്നു ഈ പ്രവർത്തനങ്ങളുടെ ചുമതലകൾ കുട്ടികളുടെ ഭാഗത്ത് നിന്നുള്ള ക്ലബ് ലീഡർമാരുടെ നേതൃത്വത്തിൽ കുട്ടികളിൽ നടപ്പിലാക്കുന്നു.

### ചുമതലയുള്ള ലീഡേഴ്ഷ്

- ഹിഷാം മുഹമ്മദ്
- ജോയൽ ബൈജു
- കിക്കു സാജു
- കാവ്യ മാധവൻ

കോഡിനേറ്റർ - ഹിമ വർഷ ( ഇസാഫ് വയനാട്)

അധ്യാപക കോർഡിനേറ്റർ - സി.സിനി തോമസ്

ക്യാമ്പ് പ്രവർത്തനത്തിന്റെ ഭാഗമായി വർഷത്തിൽ ഒരിക്കൽ കുട്ടികൾക്ക് ഉല്ലാസ യാത്രയും സംഘടിപ്പിക്കുന്നു. പ്രവർത്തന റിപ്പോർട്ടും പ്രവർത്തനങ്ങളും എഴുതി സൂക്ഷിക്കുകയും ചെയ്യുന്നു.

## (b) പരിസ്ഥിതി ക്ലബ്



ജൂൺ അഞ്ചിന് പരിസ്ഥിതി ദിനത്തിൽകുട്ടികളുടെ പരിസ്ഥിതി ക്ലബ്ബിന്റെ ഉദ്ഘാടനം സ്കൂളിൽ നിർവഹിക്കുകയും നമ്മുടെ പ്രകൃതിയെയും ഭൂമിയെയും വൃക്ഷങ്ങളെയും സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത സമൂഹത്തിനും കുട്ടികൾക്കും ബോധ്യപ്പെടുത്തുകയാണ് ക്ലബ്ബിൻറെ പ്രധാന ഉദ്ദേശം. ക്ലബ്ബിന്റെ നേതൃത്വത്തിൽ വൃക്ഷ തൈ നടീൽ,പരിപാലനം സംരക്ഷണം എന്നിവ ചെയ്തുവരുന്നു. അതോടൊപ്പം കുട്ടികൾക്കായി വിവിധ ബോധവൽക്കരണ സെമിനാറുകൾ ക്ലാസ്സുകൾ എന്നിവ നടത്തിവരുന്നു.

## (c) മ്യൂസിക് ക്ലബ്




കുട്ടികളുടെ മാനസിക ഉല്ലാസ ലക്ഷ്യം വെച്ചുകൊണ്ട് മ്യൂസിക്കൽ ക്ലബ് പ്രവർത്തിക്കുന്നു. ക്ലബ്ബിൽ സംഗീത ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് കുട്ടികൾ തന്നെ വിവിധങ്ങളായ മ്യൂസിക് പ്രോഗ്രാം സഹപാഠികളായ കുട്ടികൾക്കായി അവതരിപ്പിക്കുന്നു. 15 പേർ ഉൾക്കൊള്ളുന്ന ടീം മെമ്പേഴ്സ് ആണ് മ്യൂസിക് ക്ലബ്ബിൽ അംഗങ്ങളായി ഉള്ളത്. മ്യൂസിക് ഡേയിൽ പ്രത്യേക പ്രോഗ്രാം കുട്ടികൾക്കായി അവതരിപ്പിക്കുന്നു.

**ക്ലബ്ബ് അംഗങ്ങൾ**

- ചെണ്ട - ഡയസ് വി.സി, നീതിന് കെ
- ഓർഗൺ - അലക്സ് ,നിതിൻ മാധവൻ ,ഹിഷാം
- ഡ്രം – ഡയസ്, റിയാസ്, ജോയൽ
- ബ്യൂഗിൾ - ആരതി, അനുഷ, സ്നേഹ

കോഡിനേറ്റർ - Sr.മേബിൾ അഗസ്റ്റിൻ,വർഗീസ് പി.എം

മാസത്തിലൊരുതവണ മ്യൂസിക് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(d) **സ്പോർട്സ് ക്ലബ്**




നിർമ്മൽജ്യോതിയുടെ,കായികതാരങ്ങളെ വളർത്തിയെടുക്കുന്നതിനോടൊപ്പം പരിമിതികൾ അനുഭവിക്കുന്ന കുട്ടികൾക്ക് കൂടി കായിക മനോഭാവവും അവസരം ലഭിക്കുന്നതിനും താല്പര്യം ജനിപ്പിക്കുന്നതിനും സ്പോർട്സ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. കുട്ടികളും ഈ ക്ലബ്ബിൽ അംഗങ്ങളാണ് അധ്യാപക കോർഡിനേറ്റർമാരായ ശ്രീമതി ഷിജി വർഗീസ്, സിസ്റ്റർ റെൻസി ഓ. ടി എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും വിലയിരുത്തുകയും ചെയ്യുന്നു.

(e) **വുമൺസ് ക്ലബ്**

നിർമ്മൽ ജ്യോതി സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെയും പെൺകുട്ടികളുടെയും സുരക്ഷയും അവകാശവും സംരക്ഷിക്കുന്നതിനായി നിലകൊള്ളുന്ന ക്ലബ്ബാണ് വുമൺ ക്ലബ്.

- പ്രസിഡന്റ് – ടെസ്സി ജോസഫ്
- വൈസ് പ്രസിഡണ്ട് - റീന പി
- സെക്രട്ടറി - റോജി സെബാസ്റ്റ്യൻ
- ജോ സെക്രട്ടറി - പ്രസീത ജോർജ്
- എക്സിക്യൂട്ടീവ് മെമ്പേഴ്സ് - ലക്ഷ്മി ,ഇന്ദിര ,അനുഷ ,ആരതി കാവ്യ , കിക്കു സാജു,

എന്നിവരടങ്ങിയ ടീം അംഗങ്ങൾ സ്ത്രീകളുടെയും, പെൺകുട്ടികളുടെയും ആവശ്യങ്ങളും, അവസരങ്ങൾക്ക് മുൻതൂക്കം നടത്തിക്കൊണ്ടുള്ള പ്രവർത്തന ങ്ങളാണ് വുമൺ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തുന്നത്.



## വാർഷിക കലണ്ടർ : 2025 - 2026

### ആഗസ്റ്റ് : 2025



## വാർഷിക കലണ്ടർ : 2025 - 2026

### ഒക്ടോബർ : 2025



## വാർഷിക കലണ്ടർ : 2025 - 2026



### ഡിസംബർ : 2025



## വാർഷിക കലണ്ടർ : 2026

## ഫെബ്രുവരി : 2026

## സമാപനം

നിർമൽ ജ്യോതി സ്പെഷ്യൽ സ്കൂൾ ബൗദ്ധിക, ശാരീരിക, സാമൂഹിക മേഖലകളിൽ പ്രത്യേക ശ്രദ്ധയോടെ പ്രവർത്തിക്കുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനമാണ്. യോഗ്യതയുള്ള അധ്യാപകരുടെയും സഹപ്രവർത്തകരുടെയും നിസ്വാർത്ഥ സേവനം

മൂലം, സ്കൂളിലെ ഓരോ വിദ്യാർത്ഥിയും തങ്ങളുടെ കഴിവുകൾ തിരിച്ചറിയുകയും ജീവിതത്തിൽ ഉന്നതത കൈവരിക്കാനുള്ള ആത്മവിശ്വാസം നേടുകയും ചെയ്യുന്നു.

കുട്ടികളുടെ സമഗ്ര വികസനമാണ് സ്കൂളിന്റെ പ്രധാന ലക്ഷ്യം — വിദ്യാഭ്യാസം മാത്രമല്ല, ആത്മവിശ്വാസം, സാമൂഹിക മൂല്യങ്ങൾ, സ്നേഹം, കരുണ എന്നിവ വളർത്തി വളരാനുള്ള മാർഗ്ഗദീപം ആയിത്തീർന്നിരിക്കുകയാണ് ഈ സ്ഥാപനം.

“ഓരോ കുട്ടിയും മികച്ച വ്യക്തിയായി വളർന്ന് ജീവിതത്തിൽ പ്രകാശമാകട്ടെ” എന്നതാണ് നിർമൽ ജ്യോതി സ്പെഷ്യൽ സ്കൂളിന്റെ ദർശനവും ദൗത്യവും.